LIBRARY ARCHIVES Kerala Legislative Assembly

**മാനന്തവാടി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

180(685) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മാനന്തവാടി മണ്ഡലത്തിൽ നിലവിൽ നടപ്പാക്കി വരുന്ന മുഴുവൻ പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

കേരള ജലഅതോറിറ്റിക്ക് കീഴിൽ മാനന്തവാടി മണ്ഡലത്തിൽ നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*. ചീഫ് എഞ്ചിനീയർ, രൂപകല്പനയും പര്യവേക്ഷണവും വകുപ്പിനു കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.* ഭൂജലവകുപ്പിന് കീഴിൽ മാനന്തവാടി മണ്ഡലത്തിൽ നീർവ്വാരം ഗവൺമെന്റ് എച്ച്. എസ്. എസ്.-ൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ കാര്യാലയത്തിനു കീഴിൽ വയനാട് ജില്ലയിലെ പനമരം പഞ്ചായത്തിൽ വെന്നിയോട് നദിയ്ക്ക് കുറുകെ മലങ്കര പാറക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ 3,20,00,000 രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു ജലനിധി കാര്യാലയത്തിനുകീഴിൽ സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ ആവശ്യമായ പ്രവൃത്തികൾ പുനരുദ്ധാരണ നടത്തിയും നവീകരിച്ചും കാര്യക്ഷമമായി ജല വിതരണം നടത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 31 കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി 2.70 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ സുസ്ഥിരത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച 24 സ്കീമുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 9 സ്കീമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം (4) ആയി ഉള്ളടക്കം ചെയ്യുന്നു*. ജലസേചന വകുപ്പിന് കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (5) ആയി* ഉൾക്കൊള്ളിച്ചിരിക്കുന്നു. എടവക ഗ്രാമപഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജലനിധിയുടെ നിലവിലുള്ള സ്കീമുകളിൽനിന്നും അധികമായി 1200 ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള 1.94 കോടി രൂപയുടെ പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുംവരുന്നു.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

181(686) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ ശ്രീകണ്ഠപുരം നഗരസഭയിലും ചെങ്ങളായി പഞ്ചായത്തിലും ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ നിടിയേങ്ങ വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി സർവ്വേ നടപടി പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നുമാണ് ഈ പദ്ധതിക്കാവശ്യമായ കുടിവെള്ളം ലഭ്യമാക്കുക. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ രണ്ടാമത്തെ വില്ലേജായ ശ്രീകണ്ഠപുരം വില്ലേജിൽ നിലവിൽ ഇരിക്കൂർ ശുദ്ധജലവിതരണ പദ്ധതിയിൽനിന്നുമാണ് ശുദ്ധജല വിതരണം നടത്തുന്നത്. ചെങ്ങളായി പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് 2021-22- ൽ പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നല്ലാതെ ബദൽ നിർദ്ദേശങ്ങളോ പദ്ധതികളോ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ബദൽ പദ്ധതികളുടെ ആവശ്യകത ഇപ്പോൾ നിലവിലില്ല .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly